**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1158** **30-06-2022 - ൽ മറുപടിയ്ക്ക്**

**യുവാക്കൾക്കായി ലഹരി വർജ്ജന ക്യാമ്പയിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂളുകളിലും കോളേജുകളിലും ലഹരി വർജ്ജന ക്യാമ്പയിൻ നടത്തി വിദ്യാർത്ഥികൾക്ക് ലഹരി വിമുക്ത ക്യാമ്പസ് എന്ന ലക്ഷ്യത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിന് എതിരായി ജനസഭ എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. മൂന്നു മണിക്കൂറുള്ള പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരി വിരുദ്ധ പ്രതിജ്ഞ തുടങ്ങിയവ സംഘടിപ്പിച്ചു. അതത് നിയമസഭാമണ്ഡലത്തിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ പങ്കാളിത്തം പ്രസ്തുത പരിപാടിയിൽ ഉറപ്പു വരുത്തിയിട്ടുണ്ട്.<br><br>യുവാക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന സാമൂഹ്യ വിപത്തുകളായ മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ എന്നിവയുടെ ഉപയോഗം തടയുന്നതിന് കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിവിധ ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.<br><br>എക്സൈസ് വകുപ്പിന്റെ 'വിമുക്തി മിഷൻ' പ്രവർത്തനങ്ങൾ ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് കുട്ടികൾക്ക് പകരുന്നതിനും, ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്ന ഒരു അവസ്ഥ അവരിൽ വളർത്തിയെടുക്കുവാനും ലക്ഷ്യമിടുന്നു.<br><br>ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നിലവിൽ സംസ്ഥാനത്ത് 5,410 സ്കൂൾ ക്ലബ്ബുകളും 622 സി.ബി.എസ്.ഇ സ്കൂൾ ക്ലബ്ബുകളും, 899 കോളേജ് |

| | | | |
|---|---|---|---|
| | | | ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ, സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് സന്നദ്ധ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. ഈ ക്ലബ്ബുകൾ വഴി വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവയും സംഘടിപ്പിച്ചു വരുന്നു.<br><br>സ്കൂളുകളിൽ അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ആരംഭത്തിൽ തന്നെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും കായിക ലഹരി വളർത്തുന്നതിനുമായി തിരുവനന്തപുരം ജില്ലയിലെ 4 സ്കൂളുകളിൽ 'ഉണർവ്വ്' എന്ന പേരിൽ നടപ്പിലാക്കി വരുന്ന കായിക പരിശീലന പദ്ധതി മറ്റ് 13 ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു. ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിലെ കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിൽ ഒരു കമ്മിറ്റിയും, കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിൽ ഒരു കമ്മിറ്റിയും രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. ടി കമ്മിറ്റികൾ ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിലും ആർട്സ് & സയൻസ് കോളേജുകളിലും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി സ്കൂൾ പരിസരങ്ങളിലും മറ്റിടങ്ങളിലും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടത്തി വരുന്നു. |
| (ബി) | ആഘോഷങ്ങളിലും ഉത്സവങ്ങളിലും യുവാക്കളുടെ ലഹരി ഉപയോഗം തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് അറിയിക്കാമോ; | (ബി) | ആഘോഷങ്ങളിലും, ഉത്സവങ്ങളിലും യുവാക്കളുടെ ലഹരി ഉപയോഗം തടയാൻ എക്സൈസ് വകുപ്പ് വിവിധ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഓണം, ക്രിസ്തുമസ്, പുതുവത്സര വേളകളിൽ യുവാക്കളുടെ ലഹരി ഉപയോഗം, ലഹരിയുടെ കടത്ത്, വിപണനം എന്നിവ തടയുന്നതിനായി എക്സൈസ് വകുപ്പ് സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് നടത്തി വരുന്നു. യുവാക്കൾ കൂടുതലായി ഒന്നിച്ചു കൂടുന്ന സ്ഥലങ്ങളായ വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ടർഫുകൾ, ഷോപ്പിംഗ് മാളുകൾ, ഡി.ജെ പാർട്ടികൾ, സിനിമാ നിർമ്മാണ സെറ്റുകൾ, ഹോട്ടലുകൾ, |

| | | | |
|---|---|---|---|
| | | | റിസോർട്ടുകൾ, ബസ്സ് സ്റ്റാൻഡുകൾ, റെയിൽവെ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണവും പരിശോധനകളും നടത്തുന്നുണ്ട്. കൂടാതെ അന്യസംസ്ഥാന ബസ്സുകൾ, ട്രെയിനുകൾ എന്നിവ പരിശോധിച്ചു വരുന്നു. പ്രത്യേക ആഘോഷങ്ങൾ നടക്കുന്ന ആഡിറ്റോറിയങ്ങൾ പോലെയുള്ള കേന്ദ്രങ്ങളിലും യുവാക്കൾ ഒത്തുചേരുന്ന മറ്റ് സ്ഥലങ്ങളിലും രഹസ്യ നിരീക്ഷണവും പരിശോധനകളും നടത്തുന്നുണ്ട്. കൂടാതെ, സ്കൂൾ, കോളേജ്, ഹോസ്റ്റൽ പരിസരങ്ങളിൽ പ്രത്യേക നിരീക്ഷണവും പരിശോധനയും നടത്തുന്നു. |
| (സി) | കുട്ടികളുടെ സാന്നിദ്ധ്യത്തിൽ മുതിർന്നവരുടെ ലഹരി ഉപയോഗം തടയാനായുള്ള ബോധവത്ക്കരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുവെന്ന് അറിയിക്കാമോ? | (സി) | ഓൺലൈൻ മുഖേനയും, കുടുംബശ്രീ മിഷനുമായി സഹകരിച്ചും, സ്കൂൾ പി.റ്റി.എ, സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങളിൽ രക്ഷകർത്താക്കളെ കൂടി ഉൾപ്പെടുത്തിയും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ